**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 16-04-2024**

## പ്രധാനവാർത്തകൾ

1). **ലോക് സഭാ തിരഞ്ഞെടുപ്പിന് 10 ദിവസം ശേഷിക്കെ, സംസ്ഥാനത്ത് പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ. ആദ്യ ഘട്ട വോട്ടെടുപ്പ് നടക്കുന്ന സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളിൽ പരസ്യപ്രചാരണം നാളെ അവസാനിക്കും.**

2). **പ്രധാനമന്ത്രി നരേന്ദ്ര മോദി ബീഹാറിൽ തിരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുത്തു; കോഴിക്കോട് റോഡ് ഷോയുമായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി . മുഖ്യമന്ത്രി പിണറായി വിജയൻ തൃശൂരിൽ.**

3). **അന്തരിച്ച സംഗീതജ്ഞൻ കെ.ജി ജയന് ആദരാഞ്ജലിയർപ്പിച്ച് കേരളം. വിടവാങ്ങുന്നത് ശാസ്ത്രീയ സംഗീത രംഗത്ത് തനത് വ്യക്തിമുദ്ര പതിപ്പിച്ച പ്രതിഭ.**

4). **കാലവർഷം നേരത്തെയെത്താൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് . കേരളമുൾപ്പെടെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും സാധാരണയിലും കൂടുതൽ മഴ ലഭിക്കുമെന്നും പ്രവചനം.**

5). **ഐപിഎല്ലിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും.**

****************************************

RNUTVPM

**ആദ്യഘട്ട വോട്ടെടുപ്പ്**

ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിനുള്ള പരസ്യപ്രചാരണം നാളെ അവസാനിക്കാനിരിക്കെ താരപ്രചാരക ഇറക്കി കളം പിടിക്കാനുള്ള തീവ്രശ്രമത്തിലാണ് രാഷ്ട്രീയ കക്ഷികൾ. ഏഴ് ഘട്ടങ്ങളിലായി നടക്കുന്ന 2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൻറെ ആദ്യഘട്ടം ഈ മാസം 19-ന് നടക്കും. ഒന്നാം ഘട്ടത്തിൽ 21 സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 102 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. തമിഴ്നാട്ടിലെ 39 മണ്ഡലങ്ങളിലും, ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കും. കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് ഇന്ന് തമിഴ്നാട്ടിൽ തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കും. കൃഷ്ണഗിരിയിലും തിരുവണ്ണാമലയിലുമാണ് റാലിയും റോഡ്ഷോയും നടക്കുക.

****************************************

**പ്രധാനമന്ത്രി ബീഹാറിൽ**

കോൺഗ്രസും സഖ്യകക്ഷികളും രാഷ്ട്രീയ നേട്ടത്തിനായി ഭരണഘടനയെ ഉപയോഗിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബിഹാറിലെ ഗയയിൽ, ഗാന്ധി മൈതാനിയിൽ സംഘടിപ്പിച്ച പൊതുയോഗത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ബിജെപി ഭരണഘടന മാറ്റുമെന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ പ്രതിപക്ഷ പാർട്ടികൾ കഥകൾ മെനയുകയാണെന്നും ഭരണഘടന മാറ്റാൻ ആർക്കും കഴിയില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ബിഹാറിൻ്റെ പിന്നാക്കാവസ്ഥയ്ക്ക് കാരണം ആർജെഡിയുടെ മുൻ ഭരണമാണെന്നും അദ്ദേഹം വിമർശിച്ചു.

****************************************

RNU TVPM

**<u>അമിത് ഷാ- സച്ചിൻ പൈലറ്റ്</u>**

കേന്ദ്രമന്ത്രി അമിത് ഷായും മുതിർന്ന കോൺഗ്രസ് നേതാവ് സച്ചിൻ പൈലറ്റും ഇന്ന് ജമ്മുവിലും കത്വയിലും തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും.

ശ്രീ സച്ചിൻ പൈലറ്റ് കത്വയിലും ശ്രീ ഷാ

ജമ്മുവിലും പ്രചാരണത്തിൽ പങ്കെടുക്കും.

*****************************************

**<u>തിരഞ്ഞെടുപ്പ് - (ഇൻട്രോ)</u>**

ലോക്സഭാ തിരഞ്ഞെടുപ്പിന് 10 ദിവസം ശേഷിക്കെ സംസ്ഥാനത്ത്

പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ.

പൊതുയോഗങ്ങളിലും റോഡ് ഷോ കളിലും അണികൾക്ക് ആവേശം പകർന്നു കൊണ്ട് ദേശീയ നേതാക്കൾ ഉൾപ്പെടെയുള്ള താര പ്രചാരകർ കേരളത്തിലെത്തി. പരസ്യ പ്രചാരണം

ഈ മാസം 24 ന് അവസാനിക്കും.

വിശദാംശങ്ങളിലേക്ക്.....

**<u>- (വോയിസ്......)</u>**

ഇന്നലെ, എൻ ഡി എ യുടെ തിരഞ്ഞെടുപ്പ് പ്രചാരണ യോഗത്തിൽ പ്രധാനമന്ത്രിയും മുതിർന്ന ബി ജെ പി

നേതാവുമായ നരേന്ദ്ര മോദി പങ്കെടുത്തിരുന്നു. ചലച്ചിത്ര തരാം ശോഭനയും എൻ ഡി എ യ്ക്കായി പ്രചാരണരംഗത്തുണ്ട്.

രാത്രിയാത്ര പ്രശ്നം, മെഡിക്കൽ കോളജ്, മനുഷ്യ - വന്യ ജീവി സംഘർഷം തുടങ്ങിയ വയനാടിൻ്റെ ജീവൽ പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുമെന്ന് യു ഡി എഫ് സ്ഥാനാർഥി രാഹുൽ ഗാന്ധി പറഞ്ഞു. കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ നടന്ന റോഡ് ഷോയിൽ

സംസാരിക്കുകയായിരുന്നു അദ്ദേഹം. തുടർന്ന് ശ്രീ. രാഹുൽ മലപ്പുറം ജില്ലയിൽ പ്രവേശിച്ചു. തിരുവമ്പാടി, ഏറനാട്, വണ്ടൂർ,

RNUTVPM

നിലമ്പൂർ മണ്ഡലങ്ങളിലാണ് പര്യടനം . കർണാടക ഉപ മുഖ്യ മന്ത്രി ഡി കെ ശിവകുമാർ യു ഡി എഫിനായി തിരുവനന്തപുരത്ത് എത്തി. ഈ മാസം 20 ന് പ്രിയങ്ക ഗാന്ധിയും തിരുവനന്തപുരത്ത് എത്തും. എൽ ഡി എഫിന്റെ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ സി പി ഐ എം പോളിറ് ബ്യുറോ അംഗം പ്രകാശ് കാരാട്ട്, സി പി ഐ അഖിലേന്ത്യ ജനറൽ സെക്രട്ടറി ഡി രാജ തുടങ്ങിയവർ സംസ്ഥാനത്ത് എത്തി. തിരുവനന്തപുരത്ത് എൽ ഡി എഫ് സ്ഥാനാർഥി പന്ന്യൻ രവീന്ദ്രന്റെ തിരഞ്ഞെടുപ്പ് പ്രചാരണവുമായി ബന്ധപ്പെട്ട് പാപ്പനംകോട് സംഘടിപ്പിച്ച പരിപാടിയിൽ ശ്രീ കാരാട്ട് പങ്കെടുത്തു.

ന്യൂസ് ഡെസ്ക്, ആകാശവാണി.....

***************************************

## <u>മുഖ്യമന്ത്രി - തൃശൂർ</u>

ലോക് സഭാ തിരഞ്ഞെടുപ്പിൽ 2019 ലേതിന് വിപരീതഫലമാകും ഉണ്ടാകുകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എൽഡിഎഫ് മികച്ച വിജയം നേടും. ബിജെപി മുന്നണി മൂന്നാമതാവുമെന്നും യുഡിഎഫിന് വോട്ടർമാർ കനത്ത ശിക്ഷ നൽകുമെന്നും മുഖ്യമന്ത്രി തൃശ്ശൂരിൽ പറഞ്ഞു.

***************************************

## <u>തപൻ സെൻ</u>

കഴിഞ്ഞ 10 വർഷം രാജ്യത്ത് പുതിയ തൊഴിലവസരങ്ങൾ ഉണ്ടായിട്ടില്ലെന്നും തൊഴിലില്ലായ്മ കൂടിയെന്നും സി.ഐ.ടി യു. അഖിലേന്ത്യ ജനറൽ സെക്രട്ടറിയും സി.പി.എം പോളിറ്റ് ബ്യൂറോ അംഗവുമായ തപൻ സെൻ. എൽ ഡി എഫ് കോഴിക്കോട് മണ്ഡലം പരിപാടിക്കെത്തിയപ്പോൾ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

***************************************

RNU TVPM

**<u>മണ്ഡലങ്ങളിലൂടെ, തൃശൂർ - (ഇൻട്രോ)</u>**

ചാലക്കുടി ലോക്സഭാ മണ്ഡലത്തിൽ തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾ പുരോഗമിക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്...**
**(വോയിസ്.......)**

**************************************

**<u>സി.എം.ആർ.എൽ</u>**

എക്സാലോജിക് –സിഎംആർഎൽ ഇടപാടുമായി ബന്ധപ്പെട്ട് സിഎംആർഎൽ ജീവനക്കാരുടെ ചോദ്യം ചെയ്യൽ പൂർത്തിയായി. ഇന്നലെ ഉച്ചയ്ക്ക് ആരംഭിച്ച ഇ.ഡി.യുടെ ചോദ്യം ചെയ്യൽ ഏകദേശം 24 മണിക്കൂർ നീണ്ടു. ഐടി മാനേജർ ചന്ദ്രശേഖർ, അസിസ്റ്റൻറ് അഞ്ചു, സിഎംആർഎൽ സിഎഫ്ഒ കെ.എസ്. സുരേഷ് കുമാർ എന്നിവരെയാണ് ചോദ്യം ചെയ്തത്. ഇന്നലെ ഹാജരാകാതിരുന്നതിനെ തുടർന്ന് സിഎംആർഎൽ എംഡി സി എൻ ശശിധരൻ കർത്തയ്ക്ക് ഇഡി വീണ്ടും നോട്ടീസ് അയച്ചു.

**************************************

**<u>ഹർജി തള്ളി</u>**

ലോക്സഭാ തിരഞ്ഞെടുപ്പ് കഴിയും വരെ ദൂർദർശനിൽ ദി കേരള സ്റ്റോറി പ്രദർശിപ്പിക്കുന്നത് തടയണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം സ്വദേശി കെ ജി സൂരജ് സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി. കഴിഞ്ഞ വർഷം മെയ് മാസം റിലീസ് ചെയ്ത ചിത്രത്തിന്റ പ്രദർശനം തടയാൻ കഴിയില്ല എന്ന തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിലപാടും, ദൂരദർശനിൽ സിനിമ പ്രദർശനം പൂർത്തിയാക്കിയ സാഹചര്യവും പരിഗണിച്ചാണ് ഹർജി തള്ളിയത് .

RNU TVPM

****************************************

**കെ.ജി ജയൻ - (ഇൻട്രോ)**

പ്രശസ്ത സംഗീതജ്ഞൻ കെ.ജി.ജയൻ അന്തരിച്ചു.
കൊച്ചി തൃപ്പൂണിത്തുറയിലെ വീട്ടിലായിരുന്നു അന്ത്യം.
90 വയസ്സായിരുന്നു. സിനിമ - ഭക്തി ഗാനങ്ങളിലൂടെ കർണാടക സംഗീതത്തെ ജനകീയമാക്കിയ സംഗീതജ്ഞനായിരുന്നു കെ ജി ജയൻ.

**കൂടുതൽ വിവരങ്ങൾ.**

**(വോയിസ്...........)**

ആറ് പതിറ്റാണ്ട് നീണ്ട സംഗീത ജീവിതത്തിൽ സിനിമ ഗാനങ്ങൾക്കും ഭക്തി ഗാനങ്ങൾക്കും കെ ജി ജയൻ ഈണം പകർന്നു. 1934 നവംബർ 21-ന് കോട്ടയത്തു ജനിച്ചു.
രാമൻ ഭാഗവതർ ആയിരുന്നു ആദ്യ ഗുരു. ജയവിജയ എന്ന പേരിൽ ഇരട്ട സഹോദരനൊപ്പം കച്ചേരികൾ നടത്തി പ്രശസ്തി നേടി.ധർമശാസ്താ, നിറകുടം, സ്നേഹം, തെരുവുഗീതം തുടങ്ങിയ മലയാള സിനിമകൾക്കും പാദപൂജ, ഷൺമുഖപ്രിയ, പാപ്പാത്തി എന്നീ തമിഴ് ചിത്രങ്ങൾക്കും ഈണം പകർന്നു. 2019 ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചു. കേരള സംഗീത നാടക അക്കാദമി അവാർഡ്, ഹരിവരാസനം അവാർഡ് എന്നിവയും ലഭിച്ചിട്ടുണ്ട്. നടൻ മനോജ് കെ ജയൻ മകനാണ്.
ന്യൂസ് ഡെസ്ക്, ആകാശവാണി.....

****************************************

**സംസ്ഥാനം - കാലവർഷം**

കാലവർഷം നേരത്തെയെത്താൻ സാധ്യതെയെന്ന് കാലാവസ്ഥാ വകുപ്പ് . കേരളമുൾപ്പെടെയുള്ള ഒട്ടുമിക്ക സംസ്ഥാനങ്ങളിലും സാധാരണയിലും കൂടുതൽമഴ ലഭിക്കും. ജൂൺ, ജൂലൈ മാസങ്ങളിൽ മഴ അൽപ്പം കുറയാനാണ് സാധ്യത. എന്നാൽ

RNU TVPM

ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ മഴ ശക്തമാകും. ഇന്നുമുതൽ വെള്ളിയാഴ്ച വരെ സംസ്ഥാനത്ത് പരക്കെ വേനൽമഴ ലഭിക്കും. ഇന്ന് വയനാടും ഇടുക്കിയും ഒഴികെയുള്ള ജില്ലകളിൽ ചൂടിനുള്ള മഞ്ഞ ജാഗ്രത നിലവിലുണ്ട്.

***************************************

**<u>ത്സലം നദി - ബോട്ടപകടം</u>**

ജമ്മു കശ്മീരിൽ കനത്ത മഴ. ഝലം നദിയിൽ ബോട്ടു മുങ്ങി, നാല് പേർ മരിച്ചെന്ന് റിപ്പോർട്ടുണ്ട്. സ്കൂൾ വിദ്യാർഥികളടക്കം ഒട്ടേറെ ആളുകളെ കാണാതായി. സംസ്ഥാന ദുരന്തനിവാരണ സേന രക്ഷാപ്രവർത്തനം തുടങ്ങി. മഴ കാരണം നദിയിൽ വലിയ ഒഴുക്കാണുള്ളത്. അഞ്ചുപേരെ രക്ഷപ്പെടുത്തി ആശുപത്രിയിലേക്ക് മാറ്റി.

***************************************

**<u>ഇന്ത്യൻ ടീം</u>**

മലയാളി താരം സജന സജീവൻ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ബംഗ്ലാദേശ് പര്യടനത്തിനുള്ള ഇന്ത്യൻ വനിതാ സീനിയർ ടീമിലേക്കാണ് വയനാട് സ്വദേശിനി സജന തിരഞ്ഞെടുക്കപ്പെട്ടത്. ഹർമൻ പ്രീത് കൗർ നയിക്കുന്ന ഇന്ത്യൻ ടീമിൽ മറ്റൊരു മലയാളി താരം ആശ ശോഭനയും ഇടം നേടി.

***************************************

**<u>ഐ.പി.എൽ</u>**

ഐപിഎലിൽ ഇന്ന് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ നടക്കുന്ന കളിയിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും.
ഇന്ന് രാത്രി 7.30-നാണ് മത്സരം.

RNU TVPM

ഇന്നലെ ഏറ്റവുമധികം റൺസെന്ന സ്വന്തം റെക്കോർഡ് തിരുത്തിയ സൺറൈസേഴ്സ് ഹൈദരാബാദ് ബെംഗളൂരുവിനെ തോൽപ്പിച്ചു. 288 റൺസ് വിജയലക്ഷ്യം കുറിച്ചതോടെ മുംബൈയ്ക്കെതിരെ നേടിയ 277 റൺസ് പഴങ്കഥയായി.

****************************************

**സ്ഥലം മാറ്റം**

ഹയർ സെക്കൻഡറി അദ്ധ്യാപക സ്ഥലം മാറ്റത്തിനായി സർക്കാർ തയ്യാറാക്കിയ പട്ടിക റദ്ദാക്കിയ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിയുടെ പശ്ചാത്തലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് അഡ്വക്കേറ്റ് ജനറലിൽ നിന്ന് നിയമോപദേശം തേടും. സ്ഥലം മാറ്റത്തിനായി സർക്കാർ പ്രസിദ്ധീകരിച്ച ഹോം സ്റ്റേഷൻ ട്രാൻസ്ഫർ പട്ടിക, അദേഴ്സ് ട്രാൻസ്ഫർ പട്ടിക എന്നിവയാണ് ട്രൈബ്യൂണൽ റദ്ദാക്കിയത്. വരുന്ന അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ അദ്ധ്യാപകർക്ക് പുതിയ സ്കൂളിൽ പ്രവേശിക്കത്തക്ക തരത്തിൽ കരട് പട്ടികയും അന്തിമപട്ടികയും പ്രസിദ്ധീകരിക്കാനാണ് നിർദ്ദേശം.

****************************************

**കണ്ണൂർ - ആറളം ഫാം**

കണ്ണൂർ ആറളം ഫാമിനുള്ളിലെ തെങ്ങിൻ തൈകൾ കാട്ടാന നശിപ്പിച്ചു. ഫാമിലെ തൊഴിലാളികളുടെ വിശ്രമമുറിയും തകർത്തു. ഫാമിനുള്ളിലേക്ക് പുതു വഴിയിലൂടെയാണ് കാട്ടാന കയറുന്നത്.

****************************************

RNU TVPM

**അടി ഉത്സവം**

കണ്ണൂർ മാവിലാക്കാവ് ക്ഷേത്രത്തിലെ വിഷു ഉത്സവത്തോടനുബന്ധിച്ച് ഉപക്ഷേത്രമായ കച്ചേരി കാവിൽ ഇന്നലെ രാത്രി അടി ഉത്സവം അരങ്ങേറി. അടി ഉത്സവത്തിന്റെ പ്രധാന ഭാഗം നാളെ മാവിലായി നിലാഞ്ചിറ വയലിൽ നടക്കും.കച്ചേരി ഇല്ലത്തെ തമ്പുരാൻ നൽകിയ അവിൽ കൂടിനായി കുട്ടികൾ അടിപിടി കൂടിയതിന്റെ ഓർമ്മ പുതുക്കിയാണ് അടി ഉത്സവം നടക്കുന്നത്.

**************************************

**കൊല്ലം - പൂരം**

കൊല്ലം പൂരത്തിൽ കുടമാറ്റത്തിന് താമരരൂപമുള്ള കുടകൾ ഉപയോഗിക്കുന്നതായ വിവരം ലഭിച്ചതിനെത്തുടർന്ന് തെരഞ്ഞെടുപ്പ് നിരീക്ഷകൻ അരവിന്ദ്പാൽ സിങ്ങ് സന്ധു പൂരപ്പറമ്പിലെത്തി പരിശോധന നടത്തി. താമരമാത്രമായല്ല, ലക്ഷ്മി ദേവിയുടെ രൂപത്തോടുകൂടിയ കുടയാണെന്ന് പൂരം ഭാരവാഹികൾ വ്യക്തമാക്കി.

RNU TVPM

**************************************

**ലക്ഷദ്വീപ്**

രാജ്യത്തെ ഏറ്റവും ചെറിയ ലോകസഭാ നിയോജക മണ്ഡലമായ ലക്ഷദ്വീപിൽ പരമാവധി വോട്ടർമാരെ ദ്വീപുകളിലെത്തിക്കുന്നതിനായി കപ്പൽ ഗതാഗത ക്രമീകരണങ്ങൾ ഒരുക്കിയതായി തുറമുഖ വകുപ്പ് ഡയരക്ടർ. ജനവാസമുള്ള ദ്വീപുകൾ, വൻകരയിൽ തങ്ങിയ യാത്രികർ എന്നിവരെ മുൻഗണനാടിസ്ഥാനത്തിൽ എത്തിക്കും വിധമാണ് ക്രമീകരണമെന്ന് തുറമുഖ വകുപ്പ് ഡയറക്ടർ ഗിരിശങ്കർ വ്യക്തമാക്കി.

*******************************************************